പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2262 **27-10-2026-ൽ മറുപടിയ്ക്ക്**

നെല്ലിയാമ്പതിയിൽ പുതിയ ഫയർ സ്റ്റേഷൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രേമൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) നെല്ലിയാമ്പതിയിൽ അപകടങ്ങളോ പ്രകൃതിദുരന്തങ്ങളോ ഉണ്ടായാൽ രക്ഷാപ്രവർത്തനത്തിന് നിലവിൽ ഏതെല്ലാം ഫയർ സ്റ്റേഷനുകളെയാണ് ആശ്രയിക്കുന്നത്; വ്യക്തമാക്കാമോ;

മറുപടി: നെല്ലിയാമ്പതിയിൽ അപകടങ്ങളോ പ്രകൃതിദുരന്തങ്ങളോ ഉണ്ടായാൽ രക്ഷാപ്രവർത്തനത്തിന് നിലവിൽ കൊല്ലങ്കോട്, ചിറ്റൂർ, ആലത്തൂർ ഫയർ സ്റ്റേഷനുകളെയാണ് ആശ്രയിക്കുന്നത്.

(ബി) പ്രസ്തുത ഫയർ സ്റ്റേഷനുകളിൽനിന്ന് നെല്ലിയാമ്പതിയിലേക്കുള്ള ദൂരവും അവിടെ എത്തിച്ചേരാൻ എടുക്കുന്ന സമയവും എത്രയെന്ന് വ്യക്തമാക്കാമോ;

മറുപടി:

ഫയർ സ്റ്റേഷൻ	ദൂരം	എടുക്കുന്ന സമയം
കൊല്ലങ്കോട്	ഏകദേശം 43 KM	1.30 Hrs
ചിറ്റൂർ	ഏകദേശം 55KM	2 Hrs
ആലത്തൂർ	ഏകദേശം 40KM	1.30 Hrs

(സി) നെല്ലിയാമ്പതിയിലെ ദുർഘടമായ ഭൂപ്രകൃതിയും ഫയർ സ്റ്റേഷനിൽ നിന്നുള്ള ദൂരക്കൂടുതലും അടിയന്തര സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനം വൈകുന്നതിന് കാരണമാകാറുണ്ടോ;

മറുപടി: ഉണ്ട്.

(ഡി) മേൽപ്പറഞ്ഞ പ്രകാരം രക്ഷാപ്രവർത്തനം വൈകുന്നത് ഒഴിവാക്കാൻ നെല്ലിയാമ്പതിയിൽ പുതിയ ഫയർ സ്റ്റേഷൻ തുടങ്ങാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മറുപടി: ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണന പട്ടികയിൽ നെല്ലിയാമ്പതി ഉൾപ്പെടുന്ന മുറക്ക് സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ